LIBRARY ARCHIVES Kerala Legislative Assembly

റിവർ മാനേജ്മെന്റ് ഫണ്ട്

133 (1172) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ ; മലപ്പുറം ജില്ലയിൽ പ്രസ്തുത ഫണ്ടിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ; പ്രസ്തുത തുക ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ എന്തെല്ലാം പ്രവർത്തികളാണ് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ; ഏറനാട് മണ്ഡലത്തിൽ 2011-2015 കാലഘട്ടത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലെ കുടിശ്ശിക

134 (1174) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീയിനങ്ങളിൽ പിരിച്ചെടുക്കുന്നതിന് നിലവിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ കോടതി സ്റ്റേ, ഇതര സ്റ്റേ നടപടിക്രമങ്ങളുടെ ഭാഗമായി പിരിച്ചെടുക്കുവാൻ സാധിക്കാത്ത തുകവിവരം പ്രത്യേകമായി ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം (ബി&സി) ആയി ചേർത്തിരിക്കുന്നു.*

റിവർ മാനേജ്മെന്റ് ഫണ്ട്

135 (1176) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം റിവർ മാനേജ്മെന്റ് ഫണ്ടായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.